പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2849 29-10-2026-ൽ മറുപടിയ്ക്ക്

ബിറ്റുമിൻ വില വർധനവ് മൂലം പ്രവൃത്തികളുടെ കാലതാമസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സുധീർഷാ പാലോട്	ശ്രീ. പി. കെ. ബഷീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ബിറ്റുമിൻ ഉൾപ്പെടെയുള്ള നിർമാണ സാമഗ്രികളുടെ വില വർധനവ് റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വില വ്യതിയാനത്തിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നതിനും കരാറുകാർക്ക് ഉണ്ടായേക്കാവുന്ന അധിക സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനും റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ;

മറുപടി: പശ്ചിമേഷ്യൻ യുദ്ധത്തിന്റെ അനന്തരഫലമായി ബിറ്റുമിൻ ഉൾപ്പെടെയുള്ള നിർമാണസാമഗ്രികളുടെ വില വർധിച്ചത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കാലതാമസം സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ, പൂർത്തീകരണ കാലാവധി 18 മാസത്തിൽ കൂടുതലുള്ള പ്രവൃത്തികളുടെ കരാറുകളിൽ നിർമാണസാമഗ്രികളുടെ വിലവ്യതിയാനത്തിനനുസരിച്ച് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൈസ് എസ്കലേഷൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം അർഹമായ അധിക തുക കരാറുകാർക്ക് അനുവദിച്ചു വരുന്നു. എന്നാൽ, 18 മാസം വരെയുള്ള പൂർത്തീകരണ കാലാവധിയുള്ള പ്രവൃത്തികൾക്ക് നിർമാണസാമഗ്രികളുടെ വിലവ്യതിയാനത്തിനുള്ള അധിക തുക അനുവദിക്കുന്നില്ല. എങ്കിലും, പ്രത്യേക സാഹചര്യങ്ങളിൽ ടാറിന്റെ വിലവർധന മൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി ടാറിന്റെ വിലവ്യതിയാനത്തിനനുസരിച്ച് അധിക തുക അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, 22.10.2026-ലെ സ.ഉ. (എം.എസ്.) നം. 141/2026/ധന പ്രകാരം 30.04.2027 വരെ നടക്കുന്ന പ്രവൃത്തികൾക്ക് ടാറിന്റെ വിലവർധനയിനത്തിലുള്ള അധിക തുക അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ബിറ്റുമിന്റെ വിലയിൽ വ്യതിയാനം ഉണ്ടാകുന്നതിനനുസരിച്ച് പൊതുമരാമത്ത് വകുപ്പിനു കീഴിൽ മൂന്നുമാസത്തിലൊരിക്കൽ ബിറ്റുമിൻ നിരക്കുകൾ പുതുക്കി സർക്കുലറുകൾ പുറപ്പെടുവിച്ചുവരുന്നു. 15.07.2016-ലെ സ.ഉ. (പി) നം. 96/2016/ധന പ്രകാരം ചീഫ് എൻജിനീയർ (റോഡ്സ്) ബിറ്റുമിൻ ഇനങ്ങളുടെ നിരക്കുകൾ പുതുക്കി പ്രസിദ്ധീകരിച്ചു വരുന്നു. ഈ നിരക്കുകളാണ് പുതിയ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്നത്. മാത്രമല്ല എല്ലാ പ്രവൃത്തികൾക്കും പൊതുവായി മാത്രമേ അത്തരം വ്യവസ്ഥകൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(ബി) ബിറ്റുമിന്റെ വിലയിൽ വലിയ വ്യതിയാനം ഉണ്ടാകുമ്പോഴെല്ലാം ഓരോ പ്രവൃത്തിക്കും പ്രത്യേകമായി പരിഹാരം കാണുന്നതിനു പകരം, വിലവ്യതിയാനം കണക്കിലെടുത്ത് പ്രവൃത്തികളുടെ

എസ്റ്റിമേറ്റും കരാർ നിരക്കും യഥാസമയം പുതുക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ